നല്കുന്നത് നല്ലതാണ്. ഒരു കാട 5 ആഴ്ച കൊണ്ട് 400 ഗ്രാം വരെ തീറ്റ എടുക്കുന്നു. അതിന് ശേഷം ദിവസേന 20-25 ഗ്രാം തീറ്റ ഒരു കാടയ്ക്ക് നൽകേണ്ടതാണ്.

| തീറ്റക്രമം | അളവ് |
|---|---|
| 1. മുട്ട ഇടുന്നതിന് മുമ്പ് (4 – 5 ആഴ്ച വരെ പ്രായം) | 15 – 20 ഗ്രാം |
| 2. മുട്ട ഇടാൻ തുടങ്ങിയതിന് ശേഷം (6 ആഴ്ച തൊട്ട് | 20 – 25 ഗ്രാം |

ഒരു ജോഡി കാടകൾക്ക് 125 x 20 x 25 cm അളവിലുള്ള കൂട് വേണം. 25 കാടകൾക്ക് 60 x 60 x 25cm അളവിലുള്ള കൂട് മതിയാകും. 50 കാടകൾക്ക് 60 x 120 x 25cm അളവിലുള്ള കൂടാണ് ഉത്തമം. കൂടുകളുടെ ഉയരം 25cm ൽ കൂടുതൽ ആയാൽ കാടകൾ പറക്കാനും മുറിവേല്ക്കാനും ഉള്ള സാധ്യത കൂടുതലാണ്. അതുകൊണ്ട് കാടകളുടെ കൂടിന്റെ ഉയരം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.



## രോഗപ്രതിരോധം

കാടകൾക്ക് കുത്തിവെയ്പ്പോ വിരയിളക്കലോ പൊതുവെ ചെയ്യാറില്ല. എന്നാൽ ഇതിനെ വളർത്തുമ്പോൾ ശുചിത്വം പാലിക്കേണ്ടതാണ്.

## രോഗങ്ങൾ

### 1. കയിൽ രോഗം

ഈ രോഗം മൂലം 100% വരെ മരണനിരക്ക് ഉണ്ടാകുന്നു. വെള്ള നിറത്തിലുള്ള വയറിളക്കം ആണ് പ്രധാന ലക്ഷണം. കാടകൾ തീറ്റ എടുക്കാതെ 6-10 ദിവസത്തിനുള്ളിൽ ചത്ത് പോകുന്നു. രോഗലക്ഷണങ്ങൾ പ്രകടമാക്കുമ്പോൾ മൃഗ ഡോക്ടറുടെ നിർദ്ദേശ പ്രകാരം മരുന്നുകൾ നൽകേണ്ടതാണ്.

### 2. കോളിബാസില്ലോസിസ്

പ്രായം കൂടിയ കാടപ്പക്ഷികളിൽ കാണുന്ന രോഗമാണ് ഇത്. തീറ്റ എടുക്കാതിരിക്കുക, നടക്കാൻ ഉള്ള ബുദ്ധിമുട്ട് ഇവയാണ് രോഗ ലക്ഷണങ്ങൾ. മൃഗ ഡോക്ടറുടെ നിർദ്ദേശ പ്രകാരം ആന്റിബയോട്ടിക്കുകൾ നൽകി ഈ രോഗത്തെ നിയന്ത്രിക്കാവുന്നതാണ്.

### 3. ആസ്പർജില്ലോസിസ്

കാടകുഞ്ഞുങ്ങളിൽ കാണുന്ന രോഗം ആണ് ഇത്. ശ്വസിക്കാൻ ഉള്ള ബുദ്ധിമുട്ടും കൺപോളയുടെ വീക്കവും ആണ് ആദ്യത്തെ ലക്ഷണങ്ങൾ. കൂടും പരിസരവും വൃത്തിയായി സൂക്ഷിക്കുകയാണ് രോഗത്തെ നിയന്ത്രിക്കാനുള്ള മാർഗം.

### 4. പ്രോട്ടിയസ്

തളർച്ച, ക്ഷീണം തുടങ്ങിയവയാണ് ഈ രോഗത്തിന്റെ ലക്ഷണങ്ങൾ. രോഗ ലക്ഷണങ്ങൾ കാണിക്കുമ്പോൾ തന്നെ മൃഗ ഡോക്ടറെ സമീപിക്കേണ്ടതാണ്.




കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട ജില്ലയുടെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന കാർഷിക തൊഴിലധിഷ്ഠിത പരിശീലനത്തിലൂടെ ഭിന്നശേഷിക്കാരുടെ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്നത്



തയ്യാറാക്കിയത് :

ഡോ. സെൻസി മാത്യു

ഡോ. സിന്ധു സദാനന്ദൻ

കുമാരി ജസ്റ്റി ഡി.വറുഗീസ്

കൂടുതൽ വിവരങ്ങൾക്ക് :

സീനിയർ സയന്റിസ്റ്റ് & ഹെഡ്

ഐ.സി.എ.ആർ.-കൃഷി വിജ്ഞാന കേന്ദ്രം

കാർഡ്, കോളഭാഗം പി.ഒ., തടിയൂർ,

തിരുവല്ല, പത്തനംതിട്ട ജില്ല - 689 545


ഫോൺ : 0469 2662094, 2661821

e - mail : cardkvk@yahoo.com, Website : www.kvkcard.org



Leaflet Series No. 30 - 2019

J.J. Graphic, Plankamon, 0469 2773070

# കാട വളർത്തൽ

SERVING THE FARMING COMMUNITY 25 years

ICAR-Krishi Vigyan Kendra CARD, Pathanamthitta 2019-2020

ഐ.സി.എ.ആർ. – കൃഷി വിജ്ഞാന കേന്ദ്രം

കാർഡ്, പത്തനംതിട്ട



കാട വളർത്തലിന് കേരളത്തിൽ നല്ല പ്രചാരമുണ്ട്. കാടയുടെ മുട്ടയുടെയും മാംസത്തിന്റെയും പോഷക മൂല്യവും ഔഷധ മേന്മയും മനസ്സിലാക്കിയ പഴമക്കാർ പറഞ്ഞിരുന്ന ''ആയിരം കോഴിക്ക് അരക്കാട'' എന്ന പഴഞ്ചൊല്ല് തികച്ചും അർത്ഥവത്താണ്. അഞ്ച് കോഴിമുട്ടയുടെ ഗുണമാണ് ഒരു കാടമുട്ടയ്ക്ക് എന്നാണ് പറയാറ്. കോഴി മുട്ട അലർജി ഉള്ളവർക്ക് പോലും കാടമുട്ട നല്ലതാണ്.

## ഗുണങ്ങൾ



കാടയുടെ ഇറച്ചിയും മുട്ടയും ധാരാളം ഗുണങ്ങൾ ഉള്ളവയാണ്. ആസ്ത്മ രോഗത്തിന് നല്ല ആശ്വാസം നൽകാൻ കാട മുട്ടയ്ക്ക് സാധിക്കും. (ഫുഡ് & ന്യൂട്രീഷൻ 2(6):665-663) കാടയുടെ മാംസം രുചികരമാണ്.

## പ്രത്യേകതകൾ

1. ചുരുങ്ങിയ ജീവിതകാലം ആണ് കാടയുടേത്.
2. തീറ്റയുടെ ചിലവ് കുറവാണ്.
3. 16-18 ദിവസം കൊണ്ട് മുട്ട വിരിയും.
4. ചെറിയ പക്ഷി ആയത് കൊണ്ട് വളർത്താൻ കുറച്ചു സ്ഥലം മതിയാകും.
5. 6 ആഴ്ച കൊണ്ട് മുട്ട ഇടാൻ തുടങ്ങും. ഇറച്ചിക്കായി ഉപയോഗിക്കുന്നതിനെ 5-6 ആഴ്ചയ്ക്ക് ഉള്ളിൽ വിൽക്കാം.
6. ഒരു വർഷം ഏകദേശം 300 മുട്ടകൾ ലഭിക്കും.

## ഇനങ്ങൾ

കാടകളിൽ പൊതുവെ കാണപ്പെടുന്ന ഇനങ്ങൾ താഴെപ്പറയുന്നവയാണ്.

1. കോട്ട്രൂണിക്സ് (ജാപ്പനീസ് കാടകൾ)
   - ഇംഗ്ലീഷ് വൈറ്റ്
   - മഞ്ചൂരിയൻ ഗോൾഡൻ
   - ബ്രിട്ടീഷ് ഓറഞ്ച്
   - ടർക്കിഷ് ഡോ
2. സ്റ്റേബിൾ ബോബ് വൈറ്റ്
3. ഫാറോ ഈസ്റ്റേൺ

കാടകളുടെ ഉപയോഗം അനുസരിച്ച് പൊതുവായി രണ്ടായി തരംതിരിച്ചിരിക്കുന്നു.

1. ലെയർ കാട - മുട്ടയ്ക്കായി ഉപയോഗിക്കുന്ന കാടകൾ പൊതുവേ ഈ വിഭാഗത്തിൽ പെടുന്നു.
2. ബ്രോയിലർ കാട - ഇറച്ചിക്കായി ഉപയോഗിക്കുന്ന കാടകൾ ഈ വിഭാഗത്തിൽ പെടുന്നു.

## തരം തിരിക്കൽ



| പൂവൻ | പിട |
|---|---|
| വലിപ്പം കുറവാണ് | വലിപ്പം കൂടുതലാണ് |
| കഴുത്തിലെ തൂവൽ പരന്നതാണ് | കഴുത്തിലെ തൂവൽ കൂർത്തതാണ് |
| കഴുത്തിലെ തൂവലിന് ഇളം നിറമാണ് | കഴുത്തിലെ തൂവലിന് ഇരുണ്ട നിറം ആണ് |

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കാടയുടെ കൂട്ടിൽ നല്ല വൃത്തിയും വായു സഞ്ചാരവും ഉണ്ടായിരിക്കണം. കാടകൾ തിങ്ങികിടക്കാൻ പാടില്ല. കൂട്ടിൽ നല്ല സ്ഥലം വേണം. ധാരാളം വെള്ളം കാടകൾക്ക് കുടിക്കാൻ കൊടുക്കണം. കാടകളുടെ തീറ്റ പൂപ്പൽ പിടിക്കാതെ സൂക്ഷിക്കണം.



മുട്ട ഇടുന്ന കാടകൾക്ക് 14-18 മണിക്കൂർ വരെ വെളിച്ചം നല്കുന്നത് കൂടുതൽ മുട്ട ലഭിക്കുന്നതിന് സഹായകമാകും. ആയതിനാൽ എൽഇഡി അല്ലെങ്കിൽ ഫ്ളൂറസെന്റ് ലാമ്പ് ഉപയോഗിക്കുന്നത് നന്നായിരിക്കും. ഇണ ചേരാൻ ഉപയോഗിക്കാത്തതും ഇറച്ചിക്കായി ഉപയോഗിക്കുന്നതുമായ പൂവൻ കാടകൾക്ക് 8 മണിക്കൂറിൽ താഴെ വെളിച്ചം കൊടുക്കുന്നതാണ് നന്ന്.

## തീറ്റയും കൂടിന്റെ അളവും



ഒരു കൊല്ലത്തിൽ ഏകദേശം 8 കിലോ തീറ്റ ഒരു കാടയ്ക്ക് ആവശ്യമായി വരും. നല്ല തോടുള്ള മുട്ട ഉണ്ടാകാൻ കക്കപ്പൊടി ചേർത്ത തീറ്റ

